

# ഖുർആൻ ബോധനം 717

എ.വൈ.ആർ

സൂറ-18

# അൽ കഹ്ഫ്

فَلَمَّا بَلَغَا مَجْمَعَ بَيْنِهِمَا نَسِيَا حُوتَهُمَا فَاتَّخَذَ سَبِيلَهُۥ فِى ٱلْبَحْرِ
سَرَبًا ﴿٦١﴾
فَلَمَّا جَاوَزَا قَالَ لِفَتَىٰهُ ءَاتِنَا غَدَآءَنَا لَقَدْ لَقِينَا مِن سَفَرِنَا هَٰذَا نَصَبًا ﴿٦٢﴾
قَالَ أَرَءَيْتَ إِذْ أَوَيْنَآ إِلَى ٱلصَّخْرَةِ فَإِنِّى نَسِيتُ ٱلْحُوتَ وَمَآ أَنسَىٰنِيهُ
إِلَّا ٱلشَّيْطَٰنُ أَنْ أَذْكُرَهُۥ ۚ وَٱتَّخَذَ سَبِيلَهُۥ فِى ٱلْبَحْرِ عَجَبًا ﴿٦٣﴾
قَالَ ذَٰلِكَ مَا كُنَّا نَبْغِ ۚ فَٱرْتَدَّا عَلَىٰٓ ءَاثَارِهِمَا قَصَصًا ﴿٦٤﴾
فَوَجَدَا عَبْدًا مِّنْ عِبَادِنَآ ءَاتَيْنَٰهُ رَحْمَةً مِّنْ عِندِنَا وَعَلَّمْنَٰهُ مِن لَّدُنَّا
عِلْمًا ﴿٦٥﴾

**61.** അങ്ങനെ ആ സംഗമത്തിലെത്തിയപ്പോൾ കൈവശമുണ്ടായിരുന്ന മത്സ്യത്തെ അവർ മറന്നുപോയി. അതാവട്ടെ വെള്ളത്തിൽ ചാടി ഒരു തുരങ്കത്തിലൂടെയെന്നോണം ഊളിയിട്ടു പാഞ്ഞുപോയി.

**62.** ഇരുവരും യാത്ര തുടർന്നാറെ മൂസാ സേവകനോടാവശ്യപ്പെട്ടു: നമ്മുടെ പ്രാതൽ വിളമ്പുക; ഈ യാത്രയിൽ നാം വല്ലാതെ തളർന്നിരിക്കുന്നു.

**63.** സേവകൻ അറിയിച്ചു; കണ്ടോ?! നാം ആ പാറയിൽ വിശ്രമിച്ചപ്പോൾ മത്സ്യത്തിന്റെ കാര്യം ഞാൻ മറന്നുപോയിരുന്നു. എന്നെ അതോർമിക്കുന്നതിൽ അശ്രദ്ധനാക്കിയതു ചെകുത്താൻ തന്നെ. മത്സ്യം അത്ഭുതകരമായി വെള്ളത്തിൽ ചാടി ഓടിക്കളഞ്ഞു.

**64.** മൂസാ പറഞ്ഞു: അതുതന്നെയാണ് നാം തേടിക്കൊണ്ടിരുന്ന സ്ഥലം: ഇരുവരും അവരുടെ കാൽപ്പാടുകളിലൂടെ തിരിച്ചുനടന്നു.

**65.** അവിടെ അവർ നമ്മുടെ ദാസന്മാരിലൊരു ദാസനെ കണ്ടെത്തി. അദ്ദേഹത്തിനു നാം നമ്മുടെ സവിശേഷമായ അനുഗ്രഹം നൽകിയിരുന്നു. നമ്മുടെ പക്കൽ നിന്നുള്ള ജ്ഞാനമരുളുകയും ചെയ്തിരുന്നു.

فَلَمَّا بَلَغَا = (അങ്ങനെ) ഇരുവരും എത്തിയപ്പോൾ مَجْمَعَ بَيْنِهِمَا = അവ രണ്ടിനുമിടയിലെ (ആ) സംഗമസ്ഥാനത്ത്
نَسِيَا = ഇരുവരും മറന്നു حُوتَهُمَا = ഇരുവരുടെയും(കൈവശമുണ്ടായിരുന്ന) മത്സ്യത്തെ فَاتَّخَذَ = അത് സ്വീകരിച്ചു(പോയി)
سَبِيلَهُۥ = അതിന്റെ വഴി(ക്ക്) فِى ٱلْبَحْرِ = സമുദ്രത്തിൽ (വെള്ളത്തിൽ ചാടി)
سَرَبًا = ഒരു തുരങ്കത്തിലെന്നോണം (ഊളിയിട്ടു പാഞ്ഞു) فَلَمَّا جَاوَزَا = ഇരുവരും താണ്ടിയപ്പോൾ (യാത്ര തുടർന്നാറെ)
قَالَ لِفَتَىٰهُ = (മൂസാ) തന്റെ സേവകനോടു പറഞ്ഞു(ആവശ്യപ്പെട്ടു) ءَاتِنَا = നമുക്കു കൊണ്ടുവരുക(വിളമ്പുക)
غَدَآءَنَا = നമ്മുടെ പ്രാതൽ
لَقَدْ لَقِينَا مِن سَفَرِنَا هَٰذَا نَصَبًا = തീർച്ചയായും നമ്മുടെ ഈ യാത്രയിൽനിന്ന് നമ്മെ ക്ഷീണം കണ്ടുമുട്ടിയിരിക്കുന്നു
(നാം വല്ലാതെ തളർന്നിരിക്കുന്നു)
قَالَ = അവൻ പറഞ്ഞു(സേവകൻ അറിയിച്ചു) أَرَءَيْتَ = അങ്ങ് കണ്ടുവോ إِذْ أَوَيْنَآ = നാം അണഞ്ഞപ്പോൾ(വിശ്രമിച്ചപ്പോൾ)

إِلَى ٱلصَّخْرَةِ = ആ പാറയി(ൽ)ലേക്ക് فَإِنِّى نَسِيتُ = ഞാൻ മറന്നുപോയിരുന്നു ٱلْحُوتَ = മത്സ്യത്തെ(ത്തിന്റെ കാര്യം)
وَمَآ أَنسَىٰنِيهُ = അത് എന്നെ മറപ്പിച്ചില്ല(എന്നെ അശ്രദ്ധനാക്കിയത്) إِلَّا ٱلشَّيْطَٰنُ = ചെകുത്താൻ(തന്നെ) അല്ലാതെ
أَنْ أَذْكُرَهُۥ = അത് ഓർമിക്കുന്നത്(തിൽ)
وَٱتَّخَذَ سَبِيلَهُۥ فِى ٱلْبَحْرِ = സമുദ്രത്തിൽ അത് അതിന്റെ വഴി എടുത്തു(വെള്ളത്തിൽ ചാടി ഓടിക്കളഞ്ഞു)
عَجَبًا = അത്ഭുതകരമായി قَالَ = (മൂസാ) പറഞ്ഞു ذَٰلِكَ = അത് (തന്നെയാണ്)
مَا كُنَّا نَبْغِ = നാം തേടിക്കൊണ്ടിരുന്നത് (രുന്ന സ്ഥലം) فَٱرْتَدَّا = ഇരുവരും മടങ്ങി
عَلَىٰٓ ءَاثَارِهِمَا = ഇരുവരുടെയും അടയാളങ്ങളിന്മേൽ (കാൽപാടുകളിലൂടെ) قَصَصًا = പിന്തുടരുന്നതായി, നോക്കിക്കൊണ്ട്
فَوَجَدَا = (അവിടെ) ഇരുവരും കണ്ടെത്തി عَبْدًا = ഒരു അടിമയെ مِّنْ عِبَادِنَآ = നമ്മുടെ അടിമകളിൽപെട്ട
ءَاتَيْنَٰهُ = അദ്ദേഹത്തിനു നാം നൽകിയിരുന്നു رَحْمَةً = അനുഗ്രഹം مِّنْ عِندِنَا = നമ്മുടെ അടുക്കൽ നിന്നുള്ള
وَعَلَّمْنَٰهُ = നാം അദ്ദേഹത്തെ പഠിപ്പിച്ചു (അരുളുകയും ചെയ്തിരുന്നു) مِن لَّدُنَّا = നമ്മുടെ പക്കൽനിന്നുള്ള
عِلْمًا = ജ്ഞാനം

**61-63.** യാത്ര പുറപ്പെടുമ്പോൾ ഒരു മത്സ്യത്തെ കൈയിൽ കരുതണമെന്ന് അല്ലാഹു മൂസാ നബിയോടാവശ്യപ്പെട്ടിരുന്നു. ആ മത്സ്യം നഷ്ടപ്പെടുന്ന സ്ഥലമാണ് ലക്ഷ്യസ്ഥാനം. മൂസാ നബിയും ശിഷ്യനും കുറെനാൾ സഞ്ചരിച്ച് ലക്ഷ്യസ്ഥാനത്തെത്തി. അവിടെ ഒരു പാറയിൽ ഇരുവരും കുറെ വിശ്രമിച്ചു. അതിനിടയിൽ കൈയിലുള്ള മത്സ്യത്തിന്റെ കാര്യം മറന്നുപോയി. മത്സ്യത്തെ പ്രത്യേകം ശ്രദ്ധിക്കാൻ സേവകനോട് ശട്ടം കെട്ടിയിരുന്നുവെങ്കിലും അയാളും മറന്നുപോയി. മത്സ്യം കുട്ടയിൽനിന്ന് പുറത്തു ചാടി സമുദ്രത്തിൽ ഊളിയിട്ടുപോയി. ഒരു തുരങ്കത്തിലെന്നോണം കടലിൽ അതിന്റെ വഴിക്കുപോയി- فَٱتَّخَذَ سَبِيلَهُۥ فِى ٱلْبَحْرِ سَرَبًا എന്നാണ് മൂലവാക്യം. കടൽജലം മത്സ്യത്തിനു മുകളിൽ ഒരു കമാനം പോലെ നിശ്ചലമായി നിന്നുവെന്നും അതിലൂടെയാണ് അത് ഓടിപ്പോയതെന്നും ഈ പ്രയോഗം സൂചിപ്പിക്കുന്നുവെന്നും അതെപ്പറ്റിയാണ് സേവകൻ പിന്നീട് അത് അത്ഭുതകരമായി സ്വന്തം വഴിക്കുപോയി وَٱتَّخَذَ سَبِيلَهُۥ فِى ٱلْبَحْرِ عَجَبًا എന്നുപറഞ്ഞതെന്നും വ്യാഖ്യാതാക്കൾ വിശദീകരിക്കുന്നുണ്ട്. ഈ മത്സ്യം പാകം ചെയ്യപ്പെട്ടതായിരുന്നുവെന്നും മൂസാനബി പ്രാതൽ ആവശ്യപ്പെട്ടപ്പോഴാണ് സേവകൻ അത് ചാടിപ്പോയ കാര്യം മൂസാനബിയോടു പറഞ്ഞതെന്നും ചിലർ അനുമാനിക്കുന്നു. വെന്ത മത്സ്യം കടലിൽ ചാടിപ്പോയതാണത്ഭുതം. അത് ഓർക്കുന്നതിൽ ചെകുത്താൻ എന്നെ അശ്രദ്ധനാക്കി, എന്ന പ്രസ്താവന മത്സ്യം നഷ്ടപ്പെട്ടതിന് സേവകൻ സമർപ്പിക്കുന്ന ഒഴികഴിവാണ്. أَنْ أَذْكُرَهُۥ എന്നതിന് 'അത് പറയാൻ' എന്നും അർഥമാകാം. മത്സ്യം നഷ്ടപ്പെട്ട കാര്യം യഥാസമയം മൂസാനബിയോട് പറയാൻ എന്നാകും അപ്പോൾ ആശയം. അത് കടലിൽ ചാടി ഊളിയിട്ടുപോകുന്നത് അയാൾ കണ്ടിരുന്നു. പക്ഷേ അക്കാര്യം ഉടനെ ഗുരുവിനെ അറിയിക്കാൻ മറന്നുപോയി. ആ മറവി ഒരു പൈശാചിക ഇടപെടലായിരുന്നുവെന്നാണയാൾ പറയുന്നത്. മത്സ്യം വെന്തതായിരുന്നു, അത് വെള്ളത്തിൽ ചാടിയപ്പോൾ വെള്ളം അതിനു മുകളിൽ കമാനാകൃതിയിൽ നിലകൊണ്ടു എന്നെല്ലാമുള്ള വിവരണങ്ങൾക്കൊന്നും ആധികാരികതയില്ല. സൂക്തങ്ങളിൽ നിന്ന് നേർക്കുനേരെ മനസ്സിലാകുന്നത് ഇതാണ്: യാത്രികർ സമുദ്രസംഗമ സ്ഥാനത്ത് ഒരു പാറപ്പുറത്തു വിശ്രമിച്ചപ്പോൾ മത്സ്യം അതിന്റെ പാട്ടിനുപോയി. ജാഗ്രതയോടെ സൂക്ഷിക്കുന്ന രണ്ടുപേരുടെയും കണ്ണുവെട്ടിച്ചുകൊണ്ട് അതങ്ങനെ ചാടിപ്പോയത് ഒരത്ഭുതം തന്നെയായിരുന്നു. ഒരുപക്ഷേ അത് പ്രവാചകനെ വഴിതെറ്റിക്കാൻ പിശാച് ചെയ്ത വേലയായിരിക്കാം. പ്രഭാത ഭക്ഷണമാണ് غداء. പാറപ്പുറത്ത് വിശ്രമിച്ച അന്നു പകലും രാത്രിയും യാത്ര ചെയ്ത് പിറ്റേന്നു പ്രഭാതത്തിലാണ് മൂസാ നബി പ്രാതൽ ആവശ്യപ്പെട്ടതെന്ന് ചിലർ ഇതിൽനിന്നനുമാനിക്കുന്നു. രാത്രി ഒരു പാറപ്പുറത്തു വിശ്രമിച്ചുവെന്നും പുലർകാലത്ത് എഴുന്നേറ്റു യാത്ര തുടർന്ന് കുറെ സഞ്ചരിച്ച് ക്ഷീണിച്ചപ്പോൾ മൂസാ(അ) പ്രാതൽ വിളമ്പാനാവശ്യപ്പെട്ടുവെന്നു കരുതുന്നതാണ് കൂടുതൽ യുക്തിസഹം.

**64.** മത്സ്യം നഷ്ടപ്പെട്ടുവെന്നറിഞ്ഞപ്പോൾ മൂസാ(അ) ചാടിയെഴുന്നേറ്റ് പ്രസ്താവിച്ചു: ആ സ്ഥലം തേടിയാണ് നമ്മൾ യാത്ര ചെയ്തിരുന്നത്. ഉടനെ നമുക്ക് അവിടെയെത്തണം. ഇരുവരും വന്ന വഴിക്കുതന്നെ തിരിച്ചുനടന്നു. മത്സ്യം നഷ്ടപ്പെടുന്നതെവിടെ വെച്ചാണോ അവിടെയാണ് അദ്ദേഹത്തിനുവേണ്ടി അല്ലാഹു നിയോഗിച്ച ഗുരു ഉള്ളതെന്ന് വഹ്‌യിലൂടെയോ സ്വപ്ന ദർശനത്തിലൂടെയോ അല്ലാഹു നേരത്തെ അറിയിച്ചിരുന്നുവെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു; വന്ന വഴിയുടെ അടയാളങ്ങൾ നോക്കി അതേവഴിക്കു തിരിച്ചുപോകുന്നതിനാണ് ارتدّ على اثره قصصا എന്നുപറയുക.

**65.** ഉദ്ദിഷ്ട സ്ഥലത്തെത്തിയപ്പോൾ അവർ ഒരാളെ കണ്ടു. عَبْدًا مِّنْ عِبَادِنَآ -നമ്മുടെ ദാസന്മാരിലൊരു ദാസൻ എന്നാണ് അല്ലാഹു അദ്ദേഹത്തെ വ്യവഹരിക്കുന്നത്. അല്ലാഹുവിന്റെ നിഷ്കളങ്കരായ ഭക്തന്മാരെയാണ് അവൻ എന്റെ ദാസന്മാർ عبادى എന്നുപറയാറുള്ളത്. അദ്ദേഹത്തിന് സവിശേഷമായ അനുഗ്രഹങ്ങളും ജ്ഞാനവും നൽകിയിരുന്നുവെന്നും തുടർന്നുപറയുന്നു. അനുഗൃഹീതനും ആദരണീയനുമായ ഒരു പുണ്യാത്മാവാണ് അദ്ദേഹമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അടുത്ത്, പക്കൽ എന്ന അർഥത്തിലുള്ള പര്യായപദങ്ങളാണ് عند യും لدن ഉം. ഒരേപദം അടുത്തടുത്ത് ആവർത്തിച്ചുവരുന്നതൊഴിവാക്കാനാവാം ഒരിടത്ത് عند യും മറ്റിടത്ത് لدن ഉം ഉപയോഗിച്ചതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ നിരൂപിക്കുന്നു.

മൂസാ നബിയുടെ ഈ ഗുരുവിന്റെ പേര് ഖുർആൻ പറയുന്നില്ല. ഖളിർ അഥവാ ഖിളിർ (خضر - خضر) എന്നാണ് പേരെന്ന് നിവേദനങ്ങളിൽ പറയുന്നു. അതിനെ ആരും നിഷേധിച്ചുകാണുന്നില്ലാത്തതുകൊണ്ട് അതുതന്നെയായിരുന്നു ആ മഹാന്റെ പേരെന്നു കരുതാം. എന്നാൽ യഥാർഥ പേര് بليان എന്നായിരുന്നുവെന്നും ഖിളിർ അപരാഭിധാനമാണെന്നും ചിലർക്കഭിപ്രായമുണ്ട്. ഭാഷാർഥത്തിൽ ഹരിതമാണ് خضر. അദ്ദേഹം ഒരു തരിശു സ്ഥലത്തിരുന്നാൽ ചുറ്റുപാടുകൾ സസ്യശ്യാമളമാകുമായിരുന്നുവത്രെ. അതുകൊണ്ടാണ് خضر എന്ന അപരാഭിധാനം സിദ്ധിച്ചതെന്നും പറയപ്പെടുന്നു. ഇദ്ദേഹത്തെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളിലും പരസ്പര വിരുദ്ധമായ പ്രസ്താവനകളാണുള്ളത്. ഖിളിറിന്റെ പിതാവിന്റെ പേര് മൽക്കാൻ എന്നായിരുന്നുവെന്ന് ചിലർ. അദ്ദേഹം ആദം നബിയുടെ നേർപുത്രനാണെന്നുമുണ്ട് ശ്രുതി. ഇബ്റാഹീം നബിയുടെ സമകാലീനനായ അലക്സാണ്ടറുടെ ഉപദേശകനായിരുന്നുവെന്ന് ചിലർ. ഖിളിർ ഒരു പുണ്യാത്മാവ് (وَلِيّ) ആണെന്നു ചിലർ. അദ്ദേഹം പ്രവാചകൻ (نبي) ആയിരുന്നുവെന്നൊരു കൂട്ടർ. മലക്കായിരുന്നുവെന്നുമുണ്ടൊരുപക്ഷം. അദ്ദേഹം സാധാരണ മനുഷ്യരെപ്പോലെയായിരുന്നില്ല, അനേകം നൂറ്റാണ്ടുകൾ ജീവിച്ചിരുന്നു എന്ന് ഒരു കൂട്ടർ. ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും ഉയിർത്തെഴുന്നേൽപ്പുനാളുവരെ ജീവിതം തുടരുമെന്നും ചിലർ പറയുന്നു. എല്ലാവരും അവരവർക്കു തെളിവായി നിവേദനങ്ങൾ ഉദ്ധരിക്കുന്നുണ്ട്; ഏറിയകൂറും അവലംബനീയമല്ലെന്നു മാത്രം. കൂട്ടത്തിൽ ഏറ്റവും ദുർബലവും തള്ളപ്പെടേണ്ടതുമായ നിവേദനം ഖിളിർ മലക്കായിരുന്നുവെന്നതാണ്. അദ്ദേഹം ശാശ്വതനായി ജീവിച്ചിരിക്കുന്നുവെന്നത് ഖുർആനിനെതിരാണ്. അല്ലാഹു അന്ത്യപ്രവാചകനോടു പറയുന്നു: وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ ٱلْخُلْدَ (നിനക്ക് മുമ്പ് ഒരു മനുഷ്യനെയും നാം നിത്യജീവിയാക്കിയിട്ടില്ല-21:34). ഖിളിർ ചിരഞ്ജീവിയാണെന്നു പറയുന്നവർ അദ്ദേഹം അന്ത്യപ്രവാചകനുമായി സന്ധിച്ചതായോ ബൈഅത്തു ചെയ്തതായോ പറയുന്നില്ല. അതുതന്നെ ആ വാദത്തിന്റെ ഖണ്ഡനമായി ചിലർ ചൂണ്ടിക്കാട്ടുന്നു.

ഖിളിർ വലിയ്യായിരുന്നുവെന്ന അഭിപ്രായമാണ് സൂഫികളിൽ പലരും സ്വീകരിച്ചിട്ടുള്ളത്. ദൈവഭക്തിയുടെ പരമകാഷ്ഠയിലെത്തുന്ന ഔലിയാക്കൾക്ക് വിധിയുടെ നിഗൂഢതകൾ തുറന്നുകിട്ടുന്നതിന്റെയും അവർ പ്രവാചകന്മാരെക്കാൾ ഉന്നതരാകുന്നതിന്റെയും ഉദാഹരണമാണ് അവരുടെ വീക്ഷണത്തിൽ ഖിളിർ. ഭൂരിപക്ഷം പണ്ഡിതന്മാരുടെ ദൃഷ്ടിയിൽ ഖിളിർ പ്രവാചകനായിരുന്നു. ഒരു പ്രവാചകനല്ലാതെ മറ്റൊരു പ്രവാചകന്റെ ഗുരുവായിരിക്കാൻ കഴിയില്ല. പ്രവാചകന്മാരെ, അവർ പ്രവാചകന്മാരായ ശേഷം മറ്റുള്ളവർ പഠിപ്പിക്കുന്നുവെങ്കിൽ-അത് ഔലിയാക്കളായാലും-പിന്നെ പ്രവാചക നിയോഗത്തിന്റെ ആവശ്യമില്ല. അതിനാൽ ഖിളിർ പ്രവാചകനായിരിക്കാനേ തരമുള്ളൂ. താൻ ചെയ്തതൊന്നും സ്വയം പ്രേരിതനായിട്ടല്ല وَمَا فَعَلْتُهُۥ عَنْ أَمْرِى എന്ന് ഖിളിർ തന്നെ പ്രസ്താവിക്കുന്നുണ്ടല്ലോ. അല്ലാഹുവിങ്കൽനിന്നുള്ള വെളിപാട് (وحي) പ്രകാരം പ്രവർത്തിക്കുകയായിരുന്നു താനെന്നാണതിനർഥം. അല്ലാഹു വഹ്യ് നൽകുന്നത് പ്രവാചകന്മാർക്കാണല്ലോ. ءَاتَيْنَٰهُ رَحْمَةً مِّنْ عِندِنَا وَعَلَّمْنَٰهُ مِن لَّدُنَّا عِلْمًا എന്ന വാക്യവും ഖിളിറിന്റെ പ്രവാചകത്വത്തെ സ്ഥിരപ്പെടുത്തുന്നതാണ്. ഖിളിർ അദ്ദേഹത്തിന്റെ സമുദായത്തിലെ പ്രവാചകനായിരുന്നുവെന്നും ആ സമുദായം അദ്ദേഹത്തിന്റെ പ്രബോധനം സ്വീകരിച്ചിരുന്നുവെന്നും അബുൽ ഹസൻ അർറുമാനിയും ഇബ്നുൽ ജൗസിയും പ്രസ്താവിച്ചിരിക്കുന്നു. ഒരു കാലത്ത് ഒരു സമുദായത്തിൽതന്നെ ഒന്നിലേറെ പ്രവാചകന്മാരുണ്ടാകുന്നതും പല സമുദായങ്ങളിലായി പല പ്രവാചകന്മാരുണ്ടാകുന്നതും അപൂർവമായിരുന്നില്ല. ■